**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3693** **11.12.2018 ലെ മറുപടിയ്ക്ക്**

## <u>പ്രവേശന പരീക്ഷ കമ്മീഷണർ ഇറക്കുന്ന വിജ്ഞാപനത്തിലെ അപാകതകൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **ഡോ.കെ.ടി.ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** | |
| (എ) | വിവിധ പരീക്ഷകളുമായി ബന്ധപ്പെട്ട പ്രവേശന പരീക്ഷ കമ്മീഷണറുടെ കാര്യാലയത്തിൽനിന്ന് വ്യക്തമായ റിപ്പോർട്ട് സർക്കാരിന് നൽകി അതിൻമേൽ സർക്കാർ ഉത്തരവ് ഇറക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | സർക്കാർ ഉത്തരവുകളുടേയും സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസിന്റേയും അടിസ്ഥാനത്തിലാണ് പ്രവേശന പരീക്ഷാ സംബന്ധിച്ച നടപടികൾ കമ്മീഷണറുടെ കാര്യാലയത്തിൽ സ്വീകരിച്ച് വരുന്നത്. |
| (ബി) | കമ്മീഷണർ ഇറക്കുന്ന വിജ്ഞാപനങ്ങൾ വ്യക്തമല്ലെന്ന കാര്യം പരിശോധിക്കുമോ; | (ബി) | |
| (സി) | ഫീസ് റഗുലേറ്ററി കമ്മിറ്റി, സർക്കാർ വകുപ്പ്, പ്രവേശന കമ്മീഷണർ എന്നിവരുടെ ഓഫീസുകളിൽ നിന്നും ഒരേ വിഷയത്തിൽ അവ്യക്തമായ പല ഉത്തരവുകളും ഇറങ്ങുന്ന കാര്യം പരിശോധിക്കാമോ; ഒരു വിഷയം സംബന്ധിച്ച വ്യക്തമായ ഉത്തരവ് സർക്കാരിൽ നിന്നു മാത്രം പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | |
| (ഡി) | എൻ.ആർ.ഐ വിഭാഗത്തിലുള്ള അപേക്ഷയിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ വ്യക്തമാക്കുമോ; അപേക്ഷകനെ സ്പോൺസർ ചെയ്യുന്ന ആൾ ഏതെങ്കിലും രാജ്യങ്ങളിൽ ഒരു നിശ്ചിത സമയത്തിലധികം താമസിച്ച എന്ന സർട്ടിഫിക്കറ്റ് എമ്പസിയിൽ നിന്നും ലഭിക്കുന്നത് ഹാജരാക്കുന്നതിനു | (ഡി) & (ഇ) | എൻ.ആർ.ഐ. ക്വാട്ടയിലേക്കുള്ള അപേക്ഷകർ സമർപ്പിക്കേണ്ട രേഖകളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br>1) സ്പോൺസറും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് (ബന്ധം വിശദമാക്കിയിരിക്കണം) സ്പോൺസർ |

| | | | |
|---|---|---|---|
| | പുറമെ, ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റ് എംബസി അറ്റസ്റ്റ് ചെയ്യണം എന്ന വ്യവസ്ഥ പല അപേക്ഷകർക്കും ഹാജരാക്കുവാൻ കഴിയുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; | | അച്ഛൻ/അമ്മ ആണെങ്കിൽ അപേക്ഷകന്റെയും സ്പോൺസറുടെയും പേരുകൾ ഉൾപ്പെടുന്ന വിദ്യാഭ്യാസ രേഖകൾ മതിയാകും.<br>2) തൊഴിൽ ദാതാവ് നൽകിയതും എംബസി സാക്ഷ്യപ്പെടുത്തിയതുമായ ഓവർസീസ് എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തൊഴിൽ സംബന്ധിച്ച് എംബസി അഥവാ കോൺസുലേറ്റ് പാസ്പോർട്ടിൽ സാക്ഷ്യപ്പെടുത്തിയിരിക്കണം.<br>എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റിന് പകരം സ്പോൺസർ ഒരു എൻ.ആർ.ഐ/ ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ (OCI)/ഗ്രീൻകാർഡ് ഹോൾഡർ ആണെന്ന് സാക്ഷ്യപ്പെടുത്തി എംബസി അഥവാ കോൺസുലേറ്റ് നൽകുന്ന സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതാണ്.<br>3) വിസ സ്റ്റാമ്പ് ചെയ്തതും എംബസി സാക്ഷ്യപ്പെടുത്തിയതുമായ സ്പോൺസറുടെ പാസ്പോർട്ടിന്റെ പകർപ്പ്<br>4) വിദ്യാർത്ഥിയെ സ്പോൺസർ ചെയ്യുന്നതായുള്ള സ്പോൺസറുടെ സമ്മതപത്രം.<br>5) സ്പോൺസർ ഒരു ഇന്ത്യൻ പൗരൻ/ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ (OCI)/ പെഴ്സൺ ഓഫ് ഇന്ത്യൻ ഓറിജിൻ എന്ന തെളിയിക്കുന്ന രേഖ.<br>അറ്റസ്റ്റ് ചെയ്തുകിട്ടുന്നതു സംബന്ധിച്ച് പരാതി ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (ഇ) | ചില രാജ്യങ്ങളിലെ എംബസികൾ ഇത്തരത്തിലുള്ള എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് അറ്റസ്റ്റ് ചെയ്യുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; ഇത്തരത്തിൽ പരാതികൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | | |
| (എഫ്) | എൻ.ആർ.ഐ അപേക്ഷകർക്കുള്ള സർക്കാർ ഉത്തരവ് വ്യക്തമായി പരിശോധിച്ച ശേഷം പുനഃപ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എഫ്) | സർക്കാർ ഉത്തരവിൽ അവ്യക്തതയുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ജി) | എൻ.ആർ.ഐ മെഡിക്കൽ അപേക്ഷയുമായി ബന്ധപ്പെട്ട ഏത് സർക്കാർ ഉത്തരവാണ് നിലവിൽ | (ജി) | 06.08.2014 തീയതിയിലെ സ.ഉ (കൈ) നം.243/2014/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവാണ് എൻ.ആർ.ഐ. |

| | | | |
|---|---|---|---|
| | അടിസ്ഥാനമാക്കുന്നത്; ഈ ഉത്തരവിൽ അവ്യക്തതയുള്ള കാര്യം എൻട്രൻസ് കമ്മീഷണർ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഉത്തരവിലെ അവ്യക്തതയുടെ അടിസ്ഥാനത്തിൽ സർക്കാർ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും എന്ത് നടപടികളാണ് സ്വീകരിച്ചത് എന്നും വ്യക്തമാക്കുമോ; ഉത്തരവിലെ എന്തെല്ലാം അവ്യക്തതകളാണ് കമ്മീഷണർ സർക്കാരിനെ അറിയിച്ചത്; വിശദമാക്കുമോ? | | മെഡിക്കൽ അപേക്ഷയുമായി ബന്ധപ്പെട്ടിട്ടുള്ളത്. പ്രസ്തുത ഉത്തരവിൽ അവ്യക്തതയുള്ളതായി എൻട്രൻസ് കമ്മീഷണർ സർക്കാരിനെ അറിയിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**